**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2624** **22-01-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി ഐ.ടിഐ.യുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് പട്ടികജാതി ഐ.ടി.ഐ.യുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകുമോ; | (എ) | നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പേരുമല ഐ.ടി.ഐ.യുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്ക് പ്രസ്തുത ഐ.ടി.ഐ കെട്ടിടത്തിന്റെ അറ്റകുറ്റപണികൾക്കായി 12 ലക്ഷം രൂപയും ലേഡിസ് ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണത്തിനായി 4,20,000/- (നാല് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) രൂപയും പി.ഡബ്ല്യു.ഡി.യ്ക്ക് അനുവദിച്ച നൽകുകയും പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള കെട്ടിടത്തിന്റെ ഇലക്ട്രിക്കൽ മെയിന്റനൻസിനായി 81,500/-രൂപ (എൺപത്തൊന്നായിരത്തി അഞ്ഞൂറ് രൂപ മാത്രം) പി.ഡബ്ല്യു.ഡി.യ്ക്ക് അനുവദിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ ഓഫീസ് റൂം, കമ്പ്യൂട്ടർ ലാബ് എന്നിവയുടെ നിർമ്മാണത്തിനായി പി.ഡബ്ല്യു.ഡി.യ്ക്ക് 29 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. പുതിയ കെട്ടിട നിർമ്മാണത്തിനാവശ്യമായ 5,00,000/-ലക്ഷം രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) അനുവദിക്കുകയും ആയത് പൂർത്തീകരിക്കുയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇവിടെ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് സർക്കാർ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (ബി) | പേരുമല ഐ.ടി.ഐ.യിൽ നിലവിലുള്ള കെട്ടിട സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി നിലവിൽ പരിശീലനം നൽകുന്ന പ്ലംബർ ട്രേഡിന്റെ ഒരു അഡീഷണൽ യൂണിറ്റും വെൽഡർ എന്ന പുതിയ കോഴ്സും ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ